**ഭരണഭാഷ – മാതൃഭാഷ**

പ്രിൻസിപ്പൽ ഡയറക്ടറേറ്റ്, തദ്ദേശസ്വയംഭരണ വകുപ്പ്
സ്വരാജ് ഭവൻ, നന്തൻകോട്, കവടിയാർ പി.ഒ
തിരുവനന്തപുരം–695003, ഫോൺ: 0471-2727255,
വെബ്സൈറ്റ്: principaldirectorate.lsgkerala.gov.in
ഇ-മെയിൽ: vig.pdlsgd@kerala.gov.in

**LSGD/PD/1307/2023-VIGA4** **തീയതി: 19-03-2025**

## കാരണം കാണിക്കൽ നോട്ടീസ്

**വിഷയം:** **തദ്ദേശസ്വയംഭരണ വകുപ്പ്- പ്രിൻസിപ്പൽ ഡയറക്ടറേറ്റ്- കൊട്ടാരക്കര നഗരസഭ ഡ്രൈവർ ഗ്രേഡ് 2 ശ്രീ. ശ്രീലാൽ റ്റി.എസ്. ന്റെ അനധികൃത ഹാജരില്ലായ്മയെ തുടർന്നുള്ള അച്ചടക്കനടപടി- താല്കാലിക ശിക്ഷ നിശ്ചയിച്ച് കാരണം കാണിക്കൽ നോട്ടീസ് നൽകുന്നത് സംബന്ധിച്ച്.**

**സൂചന:**
1. കൊട്ടാരക്കര നഗരസഭ സെക്രട്ടറിയുടെ 17.05.2022 ലെ G1/15830/2016 നമ്പർ കുറ്റാരോപണ മെമ്മോ
2. കൊട്ടാരക്കര നഗരസഭ സെക്രട്ടറിയുടെ 17.06.2022 ലെ G1/15830/16 നമ്പർ കത്ത്
3. കൊട്ടാരക്കര നഗരസഭ സെക്രട്ടറിയുടെ 16.01.2023 ലെ G1/15830/16 നമ്പർ കത്ത്
4. പ്രിൻസിപ്പൽ ഡയറക്ടറുടെ 09.03.2023 ലെ LSGD/PD/1307/ 2023-VIGA4 നമ്പർ കുറ്റാരോപണ മെമ്മോ/പത്രിക
5. കൊല്ലം ജില്ലാജോയിന്റ്ഡയറക്ടറുടെ 01.10.2024 ലെ LSGD/JD/KLM/ 5188/ 2023-A7 നമ്പർ കത്ത്
6. പ്രിൻസിപ്പൽ ഡയറക്ടറുടെ 08.10.2024 ലെ LSGD/PD/1307/ 2023-VIGA4 നമ്പർ നടപടിക്രമം
7. കൊല്ലം ജില്ല അസിസ്റ്റന്റ് ഡയറക്ടർ ശ്രീ.ഷിബു.എസ് ന്റെ 11.02.2025 ലെ LSGD/JD/KLM/5188/2023-A7 നമ്പർ ഔപചാരിക അന്വേഷണ റിപ്പോർട്ട്
8. പ്രിൻസിപ്പൽഡയറക്ടറുടെ 21.02.2025 ലെ LSGD/PD/1307/ 2023-VIGA4 നമ്പർ കത്ത്

താങ്കൾ, ശ്രീ. ശ്രീലാൽ റ്റി.എസ്, കൊട്ടാരക്കര നഗരസഭാ കാര്യാലയത്തിൽ ഡ്രൈവർ (ഗ്രേഡ് 2) തസ്തികയിൽ ജോലി നോക്കിയിരുന്ന 2022 ഏപ്രിൽ മാസം 11 ാം തീയതി മുതൽ മുൻകൂർ അനുമതി വാങ്ങാതെ ജോലിയ്ക്ക് ഹാജരാകാതിരിക്കുന്നതായും വാഹനത്തിന്റെ ലോഗ് ബുക്കിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നില്ലായെന്ന് കണ്ടെത്തിയതിനാലും നഗരസഭ സെക്രട്ടറി സൂചന (1) പ്രകാരം താങ്കൾക്ക് ചാർജ് മെമ്മോ നൽ കുകയുണ്ടായി. എന്നാൽ താങ്കൾ നഗരസഭ സെക്രട്ടറിയുടെ പ്രസ്തുത ചാർജ് മെമ്മോയ്ക്ക് മറുപടി സമർപ്പിക്കുകയോ തുടർന്നും ഓഫീസിൽ ഹാജരാകുകയോ ചെയ്യുകയുണ്ടായില്ല. ആയതിനെ തുടർന്ന് സൂചന (2), (3) പ്രകാരം പ്രസ്തുത വിഷയം നഗരസഭ സെക്രട്ടറി റിപ്പോർട്ട് ചെയ്യുകയുണ്ടായി.

തുടർന്ന് ചുവടെ കൊടുത്തിരിക്കുന്ന ആരോപണങ്ങൾ മുൻ നിർത്തി 1960 ലെ കേരള സിവിൽ സർവീസസ്

(തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം താങ്കൾക്ക് സൂചന (4) പ്രകാരം കുറ്റാരോപണ മെമ്മോ / പത്രിക നൽകി അച്ചടക്ക നടപടി ആരംഭിക്കുകയുണ്ടായി.

- *നഗരസഭ സെക്രട്ടറിയുടെ അനുമതിയില്ലാതെ 2022 ഏപ്രിൽ 11 മുതൽ ജോലിയ്ക്ക് ഹാജരാകാതിരിക്കുന്നു.*
- *കൊട്ടാരക്കര നഗരസഭ സെക്രട്ടറി താങ്കൾക്ക് നൽകിയ മെമ്മോ കൈപ്പറ്റുകയോ ചാർജ് മെമ്മോയ്ക്കുള്ള മറുപടി സമർപ്പിക്കുകയോ ചെയ്തിട്ടില്ല.*
- *ലോഗ് ബുക്കിൽ വാഹനം ഓടിയ എല്ലാ ദിവസങ്ങളിലെയും വിവരങ്ങൾ രേഖപ്പെടുത്തുകയോ വെരിഫിക്കേഷന് സമർപ്പിക്കുകയോ ചെയ്തിട്ടില്ല.*

മേൽ പരാമർശിത ആരോപണങ്ങൾ മുൻനിർത്തി നൽകിയ കുറ്റാരോപണ മെമ്മോ/പത്രിക 04.04.2023 ൽ താങ്കൾ കൈപ്പറ്റിയിരുന്നുവെങ്കിലും പ്രതിവാദപത്രിക സമർപ്പിച്ചിട്ടില്ലയെന്ന വിവരം ജില്ലാ ജോയിന്റ് ഡയറക്ടർ സൂചന (5) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു. തുടർന്ന് അച്ചടക്കനടപടി വിഷയത്തിൽ തുടർനടപടി സ്വീകരിക്കുന്നതിലേക്കായി കേരള സർക്കാർ ജീവനക്കാരുടെ ശിക്ഷണനടപടി സംബന്ധിച്ച മാന്വലിലെ ഖണ്ഡിക 18 മുതൽ 42 വരെയുള്ള നിബന്ധനകൾ പാലിച്ച് ഔപചാരിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് കൊല്ലം ജില്ലാ ജോയിന്റ് ഡയറക്ടറാഫീസിലെ അസിസ്റ്റന്റ് ഡയറക്ടർ ശ്രീ. ഷിബു എസ് നെ സൂചന (6) പ്രകാരം ചുമതലപ്പെടുത്തി ഉത്തരവായിരുന്നു.

അസിസ്റ്റന്റ് ഡയറക്ടർ ശ്രീ. ഷിബു എസ് സൂചന (7) പ്രകാരം ഔപചാരിക അന്വേഷണ റിപ്പോർട്ട് സമർപ്പിച്ചിരുന്നു. 2024 ഡിസംബർ 10 ന് കൊട്ടാരക്കര നഗരസഭ കാര്യാലയത്തിൽ വച്ച് താങ്കളെ നേരിൽ കേൾക്കുന്നതിന് തീരുമാനിക്കുകയും പ്രസ്തുത വിവരം അറിയിച്ച് നഗരസഭ സെക്രട്ടറി മുഖേന താങ്കൾക്ക് നോട്ടീസ് നൽകുകയും ചെയ്തിരുന്നതായും പ്രസ്തുത നോട്ടീസ് 28/11/2024 തീയതിയിൽ രജിസ്റ്റേഡ് കൈപ്പറ്റാതെ തിരികെ നഗരസഭാ ഓഫീസിൽ വന്നിട്ടുള്ളതാണെന്നും ജില്ലാ ജോയിന്റ് ഡയറക്ടറാഫീസ് ഓഫീസ് മുഖേന താങ്കൾക്ക് ടി വിഷയം സംബന്ധിച്ച് നൽകിയ കത്തും സ്വീകരിക്കപ്പെടാതെ തിരിച്ച് വന്നിട്ടുള്ളതാണെന്നും ആയതിനാൽ താങ്കളെ നേരിൽ കേൾക്കുന്നതിന് സാധിച്ചിട്ടില്ലാത്തതാണെന്നും അന്വേഷണ റിപ്പോർട്ടിൽ വ്യക്തമാക്കിയിരുന്നു. നഗരസഭയിലെ ഫയലുകളും രേഖകളും പരിശോധിച്ചതിൽ താങ്കൾ അനധികൃതമായി ജോലിക്ക് ഹാജരാകാതിരിക്കുന്നതായാണ് ബോധ്യപ്പെടുന്നതെന്നും നിരവധി തവണ കത്ത് മുഖേനയും ഫോണിലും ബന്ധപ്പെട്ടിട്ടും വിശദീകരണം രേഖാമൂലം സമർപ്പിക്കുകയോ ഹിയറിംഗിന് ഹാജരാകുകയോ ചെയ്യാത്തത് താങ്കളുടെ ഭാഗത്ത് നിന്നും സംഭവിച്ച ഗുരുതര വീഴ്ചയാണെന്നും ഔപചാരിക അന്വേഷണ റിപ്പോർട്ടിൽ വ്യക്തമാക്കിയിരുന്നു. പ്രസ്തുത സാഹചര്യത്തിൽ താങ്കൾക്കെതിരെ KCS (CC&A) ചട്ടം15 പ്രകാരമുള്ള ശിക്ഷണ നടപടികൾ സ്വീകരിക്കണമെന്ന ശുപാർശയോടെയാണ് അന്വേഷണ ഉദ്യോഗസ്ഥൻ റിപ്പോർട്ട് സമർപ്പിച്ചിരുന്നത്.

താങ്കൾക്കെതിരായി സ്വീകരിച്ച് വന്നിരുന്ന അച്ചടക്കനടപടി വിഷയത്തിൽ തുടർനടപടി കൈക്കൊള്ളുന്നതിലേക്കായി തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ഡയറക്ടർ 06.03.2025 വ്യാഴം പകൽ 11 മണിക്ക് താങ്കളെ നേരിൽ കേൾക്കുന്നതിന് തീരുമാനിക്കുകയും പ്രസ്തുത വിവരം അറിയിച്ച് സൂചന (8) പ്രകാരം കത്ത് നൽകുകയും ചെയ്തിരുന്നു. എന്നാൽ താങ്കൾ പ്രസ്തുത ദിവസം ഹിയറിംഗിന് ഹാജരാകുകയോ യാതൊരു വിവരവും അറിയിക്കുകയോ ചെയ്തിരുന്നില്ല. ഹിയറിംഗ് വിവരം അറിയിച്ച കൊണ്ട് ജില്ലാ ജോയിന്റ് ഡയറക്ടർ താങ്കൾക്ക് നൽകിയ കത്ത് കൈപ്പറ്റാതെ തിരികെ ലഭ്യമായത് ജോയിന്റ് ഡയറക്ടറാഫീസിൽ നിന്നും ലഭ്യമായിട്ടുണ്ട്.

മേൽ വസ്തുതകളും, ബന്ധപ്പെട്ട രേഖകളും കൊല്ലം ജില്ലാ ജോയിന്റ് ഡയറക്ടറുടെ ഔപചാരിക അന്വേഷണ റിപ്പോർട്ടും പരിശോധിച്ചതിൽ 2022 ഏപ്രിൽ 11 മുതൽ മുൻകൂർ അനുമതി വാങ്ങാതെ ജോലിയ്ക്ക് ഹാജരാകാതെ അനധികൃത ഹാജരില്ലായ്മയിൽ തുടരുന്നതിലൂടെയും ചാർജ് മെമ്മോയ്ക്ക് മറുപടി സമർപ്പിക്കുകയോ ഹിയറിംഗിന് ഹാജരാകാതിരിക്കുകയോ ചെയ്യുന്നതിലൂടെയും താങ്കൾ ഗുരുതരമായ അച്ചടക്കലംഘനത്തിനും കൃത്യവിലോപത്തിനും സർവീസ് ചട്ടങ്ങളുടെ ലംഘനത്തിനും ഉത്തരവാദിയാണെന്നും സർക്കാർ സർവീസിൽ തുടരാൻ താങ്കൾക്ക് താല്പര്യമില്ലായെന്നും ബോധ്യപ്പെടുന്നു. പ്രസ്തുത സാഹചര്യത്തിൽ താങ്കൾക്കെതിരെ സൂചന (4) പ്രകാരം ആരംഭിച്ച അച്ചടക്കനടപടി, **1960 ലെ കേരള സിവിൽ സർവീസസ് (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ, ചട്ടം 11(1) (vii) പ്രകാരം 11.04.2022 തീയതി പ്രാബല്യത്തിൽ താങ്കളെ സേവനത്തിൽ നിന്നും നീക്കം ചെയ്ത് കൊണ്ട്** (REMOVAL FROM SERVICE) തീർപ്പാക്കുന്നതിന് താല്ക്കാലികമായി തീരുമാനിച്ചിരിക്കുന്നു.

പ്രസ്തുത താല്ക്കാലിക തീരുമാനം സ്ഥിരപ്പെടുത്തി ഉത്തരവാകാതിരിക്കാൻ തക്കതായ കാരണമെന്തെങ്കിലും ഉണ്ടെങ്കിൽ ആയത് ഈ നോട്ടീസ് കൈപ്പറ്റി 15 ദിവസത്തിനകം രേഖാമൂലം ഈ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതാണ്. നിശ്ചിത സമയ പരിധിയ്ക്കുള്ളിൽ താങ്കളിൽ നിന്നും മറുപടിയൊന്നും ലഭിക്കുന്നില്ലായെങ്കിൽ ഈ വിഷയത്തിൽ താങ്കൾക്ക് യാതൊന്നും ബോധിപ്പിക്കാനില്ലായെന്ന നിഗമനത്തിൽ നിർദ്ദിഷ്ട താല്ക്കാലിക തീരുമാനം സ്ഥിരപ്പെടുത്തി ഉത്തരവാകുന്നതാണെന്ന വിവരം അറിയിക്കുന്നു. ഔപചാരിക അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

Seeram Sambasiva Rao IAS
PRINCIPAL DIRECTOR

**ശ്രീ. ശ്രീലാൽ റ്റി.എസ്**
**ഡ്രൈവർ ( ഗ്രേഡ് 2 )**
**കൊട്ടാരക്കര നഗരസഭ**
( ജില്ലാ ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കൊല്ലം മുഖേന )

**പകർപ്പ്** :
1. ജില്ലാ ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, കൊല്ലം (കാരണം കാണിക്കൽ നോട്ടീസ് വ്യക്തിയ്ക്ക് നൽകി ഒപ്പും പേരും തീയതിയും രേഖപ്പെടുത്തിയ കൈപ്പറ്റ് പകർപ്പ് ലഭ്യമാക്കുന്നതിലേക്കായി )
2. സെക്രട്ടറി, കൊട്ടാരക്കര നഗരസഭ
3. സിസ്റ്റം മാനേജർ, പ്രിൻസിപ്പൽ ഡയറക്ടറേറ്റ് (വെബ് സൈറ്റിൽ പ്രസിദ്ധികരിക്കുന്നതിന്)

ആജ്ഞാനുസരണം

Signed by
Ajith S
Date: 20-03-2025 13:33:09
സീനിയർ സൂപ്രണ്ട്